പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :666 | 29.05. 2019 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കടബാധ്യത

ചോദ്യം | ഉത്തരം

ശ്രീ.കെ.ജെ.മാക്സി. | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 2015-16 സാമ്പത്തികവർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കടബാധ്യത എത്ര കോടി രൂപ ആയിരുന്നു; ആയത് 2018-19 സാമ്പത്തിക വർഷം എത്രയാണ്;വ്യക്തമാക്കുമോ; | (എ) 2015-16 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കടബാധ്യത 5925.44 കോടി രൂപയായിരുന്നു. 2018-19 – ലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2018-19–ലെ താത്കാലിക കണക്കുപ്രകാരം 31..03.2019 – ലെ കടബാധ്യത 7889 കോടിരൂപയാണ്. |
| (ബി) നിലവിൽ എത്ര കോടി രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്; | (ബി) 2017-18 വർഷത്തെ കണക്കുപ്രകാരം 2802.60 കോടി രൂപയാണ് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്.<br>31.03.2019 –ലെ ക്രോഡീകരിച്ച കണക്ക പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിന് വൈദ്യുതി കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത് 1388.20 കോടി രൂപയാണ്. |
| (സി) ഇവയിൽ സംസ്ഥാന സർക്കാർ വകുപ്പുകൾ, കേരള വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ വകുപ്പുകൾ, സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾ, കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ, സ്വകാര്യ മേഖല സ്ഥാപനങ്ങൾ എന്നിവ അടയ്ക്കേണ്ട കുടിശ്ശിക തുക എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; | (സി) 31.03.2019 – വരെയുള്ള കണക്കുപ്രകാരം കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു<br>1) സംസ്ഥാന സർക്കാർ വകുപ്പുകൾ - 95.71 കോടി രൂപ<br>2) കേരള വാട്ടർ അതോറിറ്റി - 153.80 കോടി രൂപ<br>3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - 4.20 കോടി രൂപ<br>4) കേന്ദ്രസർക്കാർ വകുപ്പുകൾ - 2.32 കോടി രൂപ<br>5) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ - 98.31 കോടി രൂപ<br>6) കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങൾ - 43.57 കോടി രൂപ<br>7) സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ - 937.48 കോടി രൂപ |
| (ഡി) നിലവിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്ന കാര്യത്തിൽ കോടതികളിൽ എത്ര കേസ്സുകൾ ഉണ്ട്; ആയത് എത്ര തുകയുടെതെന്നും വ്യക്തമാക്കുമോ? | (ഡി) വൈദ്യുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് '219' കോടതി വ്യവഹാരങ്ങൾ നിലവിലുണ്ട്.<br>31.03.2019 വരെയുള്ള കണക്കുകൾ പ്രകാരം 408.59 കോടി രൂപയാണ് എച്ച്.ടി/ഇ.എച്ച്.ടി വിഭാഗത്തിൽ കേസുകളിൽപ്പെട്ട് വിവിധ കോടതികളിൽ തീർപ്പിനായുള്ളത്. |

സെക്ഷൻ ഓഫീസർ